കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - തുറസായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കുമുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2245/ 2016/തസ്വഭവ തിരുവനന്തപുരം, തീയതി 26.07.2016

---

പരാമർശം - (1) 13.06.2016 ലെ സ.ഉ.(സാധാ ) നം 76/2016/തസ്വഭവ നമ്പർ ഉത്തരവ്

(2) കണ്ണൂർ ജില്ലാ കളക്ടറുടെ 01.07.2016 ലെ കുറിപ്പ്

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം പൊതു സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കപ്പെട്ട ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയെ പൊതു സ്ഥലത്ത് മലവിസർജ്ജനം പൂർണ്ണമായും ഒഴിവാക്കപ്പെട്ട ജില്ലയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടികളിന്മേൽ നേരിട്ട ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന കാര്യങ്ങൾ ഒരു പൊതു ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്യുന്നു

1. സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായി ഏറ്റവും ദുർഘടമായ പ്രദേശങ്ങളിൽ അതാത് പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ചുകൊണ്ടും വ്യക്തിഗത ഗാർഹിക കക്കൂസ് നിർവഹണം അംഗീകൃത യൂണിറ്റ് കോസ്റ്റിനുള്ളിൽ പരിമിതപ്പെടുത്തിയും ഫലപ്രദമായും സാങ്കേതിക മികവ് ഉറപ്പാക്കിയുള്ള നിർമ്മാണ രീതികൾ അവലംബിച്ചും നിർമ്മാണം നടത്തുന്നതിനു വേണ്ട ഉചിത തീരുമാനം അതാത് ജില്ലാ ശുചിത്വ സമിതികൾക്ക് എടുക്കാവുന്നതും പ്രസ്തുത തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് ഗാർഹിക കക്കൂസ് നിർമ്മാണത്തിനും ധനവിനിയോഗത്തിനും നടപടികൾ കൈക്കൊള്ളാവുന്നതാണ്. ഇക്കാര്യത്തിൽ ഗുണഭോക്താവിന്റെ സമ്മതം ഉറപ്പാക്കേണ്ടതുണ്ട്. കുറ്റമറ്റ ഡൈജസ്റ്റർ ഭാഗം, വാട്ടർ സീൽ ക്ലോസറ്റ്, ഈടുറ്റ ടോയിലറ്റ് മുറി, മേൽക്കൂര, വാതിൽ, ടോയിലറ്റ് മുറിയിൽ വെള്ളം സംഭരിക്കുന്നതിനുള്ള സൗകര്യം എന്നീ അവശ്യ സൗകര്യങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പാക്കേണ്ടതാണ്.

2. ദുർഘട പ്രദേശങ്ങളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളും നിർമ്മിക്കുന്ന വ്യക്തിഗത ഗാർഹിക കക്കൂസുകൾക്കുള്ള ഇൻസെന്റീവ് തുകയായ രൂപ 15400/-നുപരിയായി ആവശ്യമായി വരുന്ന അധിക തുക CSR പ്രകാരം ജില്ലാ കളക്ടർമാർക്ക് കണ്ടെത്താവുന്നതാണ്. ഓരോ കുടുംബത്തിനും അധികമായി നൽകേണ്ട തുക എത്രയെന്ന് നിശ്ചയിക്കുന്നതിന് ജില്ലാ

കളക്ടർ നിശ്ചയിക്കുന്ന സാങ്കേതിക വിദഗ്ധ ടീം ഓരോ ഗുണഭോക്തൃ ഭവനവും സന്ദർശിച്ച് വിലയിരുത്തേണ്ടതും അധിക തുക നൽകപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റ് തുക സഹിതം ജില്ലാ കളക്ടറുടെയും ശുചിത്വമിഷന്റെയും ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. തുടർന്ന് ജില്ലാ ശുചിത്വമിഷന്റെ തീരുമാനപ്രകാരം അധിക തുക നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേനചെലവഴിക്കാവുന്നതാണ്.

3. കുന്നിൻ പ്രദേശം, പട്ടിക വർഗ/ആദിവാസി വിഭാഗങ്ങളുടെ വാസസ്ഥലങ്ങളിലെ ഗാർഹിക/ കമ്മ്യൂണിറ്റി ടോയിലറ്റുകൾ, തൊഴിലുറപ്പ് പദ്ധതി, എൻ.ജി.ഒ. CSR വഴി ജില്ലാ ശുചിത്വ സമിതിയുടെ അംഗീകാര പ്രകാരം അതത് ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് നിർവ്വഹണം നടത്താവുന്നതാണ്. ഇതര സർക്കാർ വകുപ്പുകളിലെ ഗാർഹിക കക്കൂസ് നിർമ്മാണ സഹായവും അതാത് വകുപ്പുകൾ മുഖേന ലഭ്യമാക്കുന്നതിന് ജില്ലാ ശുചിത്വ സമിതി നടപടിയെടുക്കേണ്ടതും നിർവ്വഹണം 2016 നവംബർ 1ന് മുൻപായി പൂർത്തീകരിക്കുമെന്നുറപ്പാക്കേണ്ടതാണ്.

4. വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കുന്നതിന് സ്ഥല സൗകര്യമില്ലാത്ത ചേരി പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് പണിയാവുന്നതും ആയതിന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (നഗരം) മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം കൂടി ഉപയോഗിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ടി.കെ.ജോസ്

ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാകളക്ടർമാർക്കും
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ